"ഭരണഭാഷ – മാതൃഭാഷ"

**ഹോമിയോപ്പതി വകുപ്പ് ഡയറക്ടറുടെ നടപടി ക്രമങ്ങൾ - തിരുവനന്തപുരം.**

**(ഹാജർ: ഡോ. എം.പി ബീന)**

വിഷയം:- ഹോമിയോപ്പതി വകുപ്പ് - ജീവനക്കാര്യം – ഡോ. ബ്ലെസ്സി മേരി ബാബു, മെഡിക്കലാഫീസർ, (അവധിയിൽ) സർക്കാർ ഹോമിയോ ഡിസ്പെൻസറി ആനിക്കാട്, പത്തനംതിട്ട – പ്രൊബേഷൻ ടെർമിനേറ്റ് ചെയ്ത് സർവ്വീസിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:-
1) 31.01.2023 ലെ ഡിഎച്ച്ടിവിഎം/215/2023-ഇഎ1 നമ്പർ ഉത്തരവ്.
2) 21.06.2023 ലെ ഈ ഓഫീസിലെ ഇതേ നമ്പർ കത്ത്.
3) 06.10.2023 ലെ കുറ്റാരോപണ പത്രിക , കുറ്റാരോപണ മെമ്മോ.
4) 05.11.2020 ലെ ജിഒ(പി) 152/2020/ഫിൻ സർക്കാർ ഉത്തരവ്.
5) 30.12.2020 ലെ 83/2020/ധന നമ്പർ സർക്കുലർ.

*****************

**ഉത്തരവ് നം. ഡിഎച്ച്ടിവിഎം/258/2023-ഇഎ6. തീയതി:02-12-2025**

പത്തനംതിട്ട ജില്ലയിലെ ആനിക്കാട് സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ മെഡിക്കലാഫീസറായി 05.12.2009 ന് ജോലിയിൽ പ്രവേശിച്ച ഡോ. ബ്ലെസ്സി മേരി ബാബു 01.02.2013 മുതൽ 31.01.2023 വരെ കേരള സർവ്വീസ് റൂൾസ് ഭാഗം 1 അനുബന്ധം XII സി പ്രകാരം 10 വർഷക്കാലമായി തുടർച്ചയായ ശൂന്യവേതന അവധിയിലായിരുന്നു. പ്രസ്തുത അവധിയ്ക്ക് തുടർച്ചയായി 01.02.2023 മുതൽ 31.01.2028 വരെ 05 വർഷത്തേക്ക് കൂടി ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയും ആയത് സൂചന (4), (5) സർക്കാർ നിർദ്ദേശ പ്രകാരം പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ ആയത് നിരസിച്ചതായും അടിയന്തിരമായി ജോലിയിൽ തിരികെ പ്രവേശിക്കാനും അല്ലാത്ത പക്ഷം 1958ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് ലെ ചട്ടം 19 (എ) (ii) പ്രകാരം പ്രൊബേഷണറായ ടിയാളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്ന് ടെർമിനേറ്റ് ചെയ്യുന്നത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും നിർദ്ദേശം നൽകികൊണ്ട് സൂചന (2) പ്രകാരം കത്ത് അയയ്ക്കുകയും ചെയ്തിരുന്നു.

സൂചന (1) ഉത്തരവ് പ്രകാരം ഡോ. ബ്ലെസ്സി മേരി ബാബു-ന് തിരികെ ജോലിയിൽ പ്രവേശിക്കാൻ അനുമതി നൽകിയിട്ടും തിരകെ ജോലിയിൽ പ്രവേശിച്ചതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ ഡോ. ബ്ലെസ്സി മേരി ബാബു-ന് സൂചന (3) പ്രകാരം കുറ്റാരോപണ പത്രിക, കുറ്റാരോപണ മെമ്മോ എന്നിവ

നൽകുകയും, നിലവിലെ സാഹചര്യത്തിൽ അവധി അവസാനിപ്പിച്ച് ജോലിയിൽ പ്രവേശിക്കാൻ സാധിക്കില്ലെന്ന് അറിയിച്ചിരുന്നു.

ആയതിനാൽ ആകെ ഒരു വർഷവും 06 മാസവും സർവ്വീസ് മാത്രമുള്ള ഡോ. ബ്ലെസ്സി മേരി ബാബുവിന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്ത് ഉത്തരവാകുന്നു.

Signed by
Beena M P
Date: 02-12-2025 16:12:14

DR. M.P.BEENA
ഡയറക്ടർ

1) അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
2) ഡോ. ബ്ലെസ്സി മേരി ബാബു, മെഡിക്കലാഫീസർ, (അവധിയിൽ) ചിറമുക്കത്ത്, ജോർജ്ജ് വില്ല, വാകയാർ പോസ്റ്റ്, പത്തനംതിട്ട.
3) ജില്ലാ മെഡിക്കലാഫീസർ (ഹോമിയോ), പത്തനംതിട്ട.
4) കരുതൽ ഫയൽ/ഫയൽ.